## തെളിവ് നല്കാനുള്ള അവസരം തൊഴിലുടമ പ്രയോജനപ്പെടുത്തിയില്ല: വിഹിതം നിർണ്ണയിച്ചതിൽ തെറ്റില്ല

### മദ്രാസ് ഹൈക്കോടതി

C.M.A. No. 1451/2012 Dt. 4.7.2018

ഇ.എസ്.ഐ. കോർപ്പറേഷൻ
x
ശ്രീ ജയവിലാസ് മീൽസ് ഹോട്ടൽ

തൊഴിലുടമ നടത്തുന്ന ഹോട്ടലിൽ ഇ.എസ്.ഐ. ഇൻസ്പെക്ടർ പരിശോധന നടത്തിയപ്പോൾ പതിനൊന്ന് തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ടായിരുന്നു. അവിടെ ഊർജ്ജമുപയോഗിച്ച് ഉൽപാദന പ്രക്രിയ നടക്കുന്നുണ്ടെന്നും ഇൻസ്പെക്ടർ കണ്ടു. അതനുസരിച്ച് അദ്ദേഹം മേലധികാരിക്ക് റിപ്പോർട്ട് സമർപ്പിച്ചു. പിന്നീട് വീണ്ടും പരിശോധന നടത്തിയപ്പോൾ പത്ത് ജോലിക്കാരും കാണപ്പെട്ടു. രണ്ട് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഇ.എസ്.ഐ. അധികൃതർ തൊഴിലുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് കൊടുത്തു. നോട്ടീസ് കൈപ്പറ്റിയെങ്കിലും തൊഴിലുടമ യാതൊരു മറുപടിയും വിശദീകരണവും നല്കിയില്ല. അതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ, സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് കാണിച്ചും അടയ്ക്കേണ്ട വിഹിതം എത്രയാണെന്ന് വ്യക്തമാക്കിയും വിചാരണക്കുള്ള തീയതി നിശ്ചയിച്ചും ഇ.എസ്.ഐ. അധികൃതർ തൊഴിലുടമയ്ക്ക് നോട്ടീസ് നല്കി. എന്നിട്ടും തൊഴിലുടമ ഒരു തരത്തിലും പ്രതികരിച്ചില്ല. തുടർന്ന് ഇ.എസ്.ഐ. അധികൃതർ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ തൊഴിലുടമ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. സ്ഥാപനത്തിൽ ഏഴെട്ടുപേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂവെന്നും ഇ.എസ്.ഐ. നിയമം സ്ഥാപനത്തിന് ബാധകമാക്കിയത് നിയമവിരുദ്ധമാണെന്നും സ്ഥാപനത്തിനു പറയാനുള്ളത് കേൾക്കാതെയും രേഖകൾ പരിശോധിക്കാതെയുമാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും മറ്റും സ്ഥാപനം വാദിച്ചത് അംഗീകരിച്ച ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കുകയും പുനർവിചാരണ നടത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഇ.എസ്.ഐ. കോർപ്പറേഷന്റെ ഭാഗത്തുനിന്ന് സ്വാഭാവിക നീതിയുടെ ലംഘനമുണ്ടായിട്ടില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. നിരവധി അവസരങ്ങൾ നല്കിയിട്ടും തൊഴിലുടമ യാതൊന്നും ബോധിപ്പിച്ചില്ലെന്നു മാത്രമല്ല വിചാരണക്കു ഹാജരാകുകയോ രേഖകൾ സമർപ്പിക്കുകയോ ചെയ്തില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. തെളിവ് നല്കാൻ ലഭിച്ച അവസരങ്ങൾ പ്രയോജനപ്പെടുത്താതെ ഇ.എസ്.ഐ. അധികൃതരുടെ അന്തിമ ഉത്തരവിനെ ചോദ്യം ചെയ്യുന്നത് അനുവദിക്കാനാവില്ലെന്നു കണ്ട ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തു.